**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 520** **05-10-2021 - ൽ മറുപടിയ്ക്ക്**

**ട്രഷറികളുടെ അടിസ്ഥാന സൗകര്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ട്രഷറികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും കാര്യക്ഷമവും ആകർഷകവുമായ സേവനങ്ങൾ ഉറപ്പുവരുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്തെ ട്രഷറികളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ആധുനികവൽക്കരണ നടപടികൾ പ്രധാനമായും രണ്ട് മേഖലകളിലായാണ് നടന്നുവരുന്നത്. (1) അടിസ്ഥാന സൗകര്യ വികസന പദ്ധതിയും (2)ധനകാര്യ ഇടപാടുകളുടെ ആധുനികവൽക്കരണവും. അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി സ്വന്തമായി കെട്ടിടമില്ലാത്ത ട്രഷറികൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും, ജീർണ്ണാവസ്ഥയിലുള്ളവ പുതുക്കി പണിയുന്നതിനുമുള്ള നടപടികളാണ് കൈക്കൊണ്ടുവരുന്നത്. ഇതിൻ പ്രകാരം 2016 ജൂൺ മുതൽ 36ട്രഷറികളുടെ നിർമ്മാണത്തിനുള്ള 108 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതി ലഭിച്ച ട്രഷറി നിർമ്മാണങ്ങളിൽ 25 ട്രഷറികളുടെ നിർമ്മാണങ്ങൾക്ക് സാങ്കേതിക അനുമതി നൽകി നിർമ്മാണം പുരോഗമിക്കുകയാണ്. ട്രഷറി ആസ്ഥാന മന്ദിര നിർമ്മാണ പ്രവർത്തിക്ക് 21 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഇതിന്റെ നിർമ്മാണ പ്രവർത്തികൾ പുരോഗമിച്ചു വരികയാണ്. നിർമ്മാണം ആരംഭിച്ചിരുന്ന 25 ട്രഷറികളിൽ നിർമ്മാണം പൂർത്തിയാക്കിയ 5 ട്രഷറികൾ പുതിയ കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ചു കഴിഞ്ഞു. കൂടാതെ രണ്ടു ട്രഷറികളുടെ നിർമ്മാണം പൂർത്തിയാകുകയും 5 ട്രഷറികളുടെ നിർമ്മാണം അന്തിമ ഘട്ടത്തിലുമാണ്. ഭൂമി ലഭ്യമായിട്ടുള്ളതും കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുള്ളതുമായ 4 ട്രഷറി കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 10 ട്രഷറികൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് തീരുമാനമായിട്ടുള്ളതും DPR തയ്യാറാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ട്രഷറികളിൽ 21 |

| | | | |
|---|---|---|---|
| | | | എണ്ണത്തിന് സ്വന്തമായി ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. സിവിൽ സ്റ്റേഷനുകളിൽ സ്ഥലം ലഭ്യമായ 12 ട്രഷറികൾ ഫർണിഷിംഗ് പ്രവൃത്തികൾ പൂർത്തിയാക്കി എല്ലാ സൗകര്യങ്ങളോടും കൂടിയ പുതിയ കെട്ടിടങ്ങളിലേക്ക് മാറ്റുകയുണ്ടായി. സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 20 ട്രഷറികളെ നവീകരിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് നവീകരണ പ്രവർത്തികൾ നടത്തിവരുന്നു. തിരഞ്ഞെടുക്കപ്പെട്ട 15 ട്രഷറികളെ മോഡൽ ട്രഷറികളായി ഉയർത്തുന്നതിനായി അവയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ISO 27001 സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് മുന്നോടിയായി സംസ്ഥാനത്തെ മുഴുവൻ ട്രഷറികളിലും ഇടപാടുകാർക്ക് മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതിന്റെ ഭാഗമായി ട്രഷറികളിൽ റീപെയിൻറിംഗ്, ടോയിലറ്റ് നിർമ്മാണം, ടോയിലറ്റ് നവീകരണം, റാമ്പ് നിർമ്മാണം, എന്നീ നിർമ്മാണ പ്രവർത്തികളും ട്രഷറികളിൽ ആവശ്യമായ കസേര, ഫാൻ, ലൈറ്റ്,വാട്ടർ പ്യൂരിഫയർ എന്നിവ GEM മുഖേന വാങ്ങി സ്ഥാപിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. ISO 27001 സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് സുരക്ഷാ ക്രമീകരണങ്ങൾ പൂർത്തിയാക്കുന്നതിന് മുന്നോടിയായി സംസ്ഥാനത്തെ മുഴുവൻ ട്രഷറികളിലും CCTV സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ട്രഷറികളിൽ BIO - METRIC ഹാജർ സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. ട്രഷറികളിലെത്തുന്ന ഇടപാടുകാർക്ക് സമയബന്ധിതമായി സേവനങ്ങൾ നൽകുന്നതിന് ക്യൂ മാനേജ്മെന്റ് സംവിധാനം സ്ഥാപിക്കുന്നതിനുള്ള നടപടികൾ തുടരുന്നു. എല്ലാ ട്രഷറികളിലും ജനറേറ്റർ സ്ഥാപിച്ചു വരുന്നു. സംസ്ഥാനത്തെ മുഴുവൻ ട്രഷറികളും IFMS സംവിധാനത്തിലേക്ക് മാറിക്കഴിഞ്ഞു. മുഴുവൻ പണമിടപാടുകളും ഇലക്ട്രോണിക്സ്സംവിധാനങ്ങളിലൂടെ ഇടപാടുകാരുടെ അക്കൗണ്ടിലേക്ക് മാറ്റി നൽകുന്നു. കടലാസ് രഹിത പണമിടപാട് എന്ന ലക്ഷ്യത്തിന്റെ ഭാഗമായി 98 വകുപ്പുകളുടെ ശമ്പള ബില്ലുകൾ ഓൺലൈനായി മാത്രം സ്വീകരിച്ചു തുടങ്ങി. IFMS സംവിധാനത്തിന്റെ കാര്യക്ഷമതവർദ്ധിപ്പിക്കുന്നതിനും ഇടപാടുകൾ കൂടുതൽ വേഗത്തിൽ ലഭ്യമാക്കുന്നതിനുമായി പുതിയ സെൻട്രൽ സെർവർ സ്ഥാപിക്കുകയുണ്ടായി. |
| (ബി) | സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകൾ സുരക്ഷിതവും | (ബി) | ട്രഷറി സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകൾ |

| | | | |
|---|---|---|---|
| | ആകർഷകവുമാക്കി നൽകുന്നതിനും ട്രഷറികളിൽ എ.ടി.എം. സൗകര്യം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ? | | അത്യാധുനികമായ സുരക്ഷാ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തിയും multi colour ആയി design ചെയ്തും ഇടപാടുകാരുടെ വിവരങ്ങൾ പ്രിന്റ് ചെയ്ത് നൽകാൻ കഴിയുന്ന തരത്തിലുള്ള മനോഹരമായ കവറുകളിൽ നിക്ഷേപകർക്ക് നൽകി വരുന്നു. ട്രഷറികളോടനുബന്ധിച്ച് ATM സൗകര്യം ഏർപ്പെടുത്തുന്ന പദ്ധതി നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ